
PEOPLE'S CHOICE
SPEAK OUT WINNER

Mayilamma

# വെട്ടിത്തുറന്ന്

## പറഞ്ഞതും പറയാത്തതും

മീഡിയാമേറ്റ്

### മയിലമ്മക്ക് അവാർഡ്



ദില്ലി : പ്ലാച്ചിമട സമരനായിക മയിലമ്മ ഉൾപ്പെടെ ആറു പേർ 'ഔട്ട്ലുക്ക് സ്പീക്ക്ഔട്ട്' അവാർഡ് സ്വീകരിച്ചു. ഡൽഹി താജ് ഹോട്ടലിൽ നടന്ന ചടങ്ങിൽ യു.പി.എ. അദ്ധ്യക്ഷയും കോൺഗ്രസ്സ് (ഐ) പ്രസിഡണ്ടുമായ സോണിയ ഗാന്ധിയാണ് അവാർഡ് സമ്മാനിച്ചത്. പ്രസിദ്ധീകരണത്തിന്റെ പത്ത് വർഷം പൂർത്തിയാക്കുന്ന ഔട്ട്ലുക്ക് മാസിക നല്കിയ ഈ അംഗീകാരം ഒരു പൊതുകാര്യത്തിനുവേണ്ടി ധീരമായി നിലകൊണ്ട് സത്യം തുറന്നുപറച്ചിലിൽ അസാമാന്യ ധാർമ്മികതയും സാമൂഹികോത്തരവാദിത്വവും നിസ്വാർത്ഥതയും കാണിച്ചവർക്കുള്ളതായിരുന്നു. ഇ.സിദ്ധമ്മ (തമിഴ്നാട്) ഡോ. നസീമ ഹർസൂക് (മഹാരാഷ്ട്ര), ക്ഷേസ്ത (മദ്ധ്യപ്രദേശ്), ഷംസദ് ഖാൻ (മദ്ധ്യപ്രദേശ്), തിലിയ ദേവി (ബീഹാർ) എന്നിവരും മയിലമ്മയ്ക്കൊപ്പം പുരസ്കാരിതരായി. ബി.ജി. വർഗ്ഗീസ്, പി. സായിനാഥ്, കുൽദീപ് നയ്യാർ, എം.എസ്. ഗിൽ, വിനോദ് മേത്ത എന്നിവരായിരുന്നു വിധികർത്താക്കൾ (വാർത്ത).

**പുരസ്കാര പത്രത്തിൽ 'ഔട്ട്ലുക്ക്' ഇങ്ങിനെ പറഞ്ഞു:**

.........ജലമലിനീകരണവും അമിതജലചൂഷണവും മറ്റനേകം ക്രൂരതകളും നടത്തുന്ന ബഹുരാഷ്ട്ര ഭീമൻ കൊക്കകോളയ്ക്കെതിരെ, ഒരു സാധാരണ സ്ത്രീയായ മയിലമ്മ ധീരമായി നിലകൊണ്ടു. ആദിവാസി കോളനിയിലും പരിസരത്തും മലിനീകരിച്ചതിനുപുറമെ വളമെന്ന പേരിൽ അപകടകരമായ വിഷം വ്യാപകമായി പുഴത്തീരത്തടക്കം വിതരണം ചെയ്തു. ബിബിസി ഇത് കണ്ടെത്തി, പുറത്തുവിട്ടു. അടിസ്ഥാന വിഭവങ്ങൾ സംരക്ഷിക്കാനുള്ള തദ്ദേശീയരായ ആദിവാസികളുടെ സമരം വാഴ്ത്തപ്പെടേണ്ടതാണ്. ഔപചാരിക വിദ്യാഭ്യാസം ലഭിച്ചിട്ടില്ലാത്ത, ആദിവാസി-ഗ്രാമീണ സ്ത്രീ, വിധവ, സ്വാതന്ത്ര്യത്തിനുശേഷമുള്ള ഗാന്ധിയൻ മാതൃകയിലെ ശ്രദ്ധേയമായ സത്യാഗ്രഹസമരം, അസാധാരണം......

**ഇനി ഔട്ട്ലുക്ക് മാസിക 2005 മെയ് 16 ലക്കത്തിലേക്ക്** പോകാം. അതിൽ ചെന്നൈ ലേഖകൻ എസ്.ആനന്ദിന്റെ ലേഖനം:

**1.** .........പ്ലാച്ചിമടയിൽ കുടിക്കാൻ കൊള്ളാത്ത വെള്ളത്തെക്കുറിച്ച്, ലാബ് പരിശോധനാഫലം,...... 'കെട്ട കള്ളിന്റെയും മായം ചേർത്ത മണ്ണെണ്ണയുടെ മണവും വല്ലാത്തൊരു തവിട്ടുനിറവും' എന്ന വിവരണവും കോടതി വിധികൾ, സമര ചരിത്രം-ഒക്കെയും വിശദമായി ചേർത്തിരിക്കുന്നു.

**2.** ജൂൺ 6 ലെ ഔട്ട്ലുക്കിൽ ഇതിന് മറുപടിയായി കൊക്കകോളയ്ക്കുവേണ്ടി ഡോ. എം.വി.ആർ.എൽ.മൂർത്തി (ഹൈഡ്രോ ജിയോളജി വിഭാഗം മേധാവി, റിട്ട. ഐ.ഐ.ടി.) എഴുതി - മയിലമ്മയടക്കം താമസിക്കുന്ന പ്ലാച്ചിമട കോളനിയിലെ പ്രശ്നങ്ങൾ തെറ്റാണെന്നും കമ്പനി മൂലമല്ലെന്നും വാദിച്ചുള്ള അസത്യങ്ങൾ.




തുടർന്ന് ഔട്ട്ലുക്കിൽ ഒരു വിശദീകരണവും (ലേഖകന്റെയോ പ്രസാധകന്റെയോ) ഇതുവരെ വന്നിട്ടില്ല. എന്തിന് കോളയ്ക്കെതിരെ ഒരു നല്ല കത്ത് പോലും അവർ കൊടുത്തിട്ടില്ല. എല്ലാം മുങ്ങി. സത്യവും.

കോള കമ്പനി തുടങ്ങിയിട്ടും പ്ലാച്ചിമട സമരം തുടങ്ങിയിട്ടും കുറേ വർഷങ്ങളായിട്ടും വൈകിയെങ്കിലും ഔട്ട്ലുക്കിൽ വാർത്ത കണ്ടതിൽ നമുക്കാശ്വസിക്കാം. പക്ഷേ, 'വെട്ടിത്തുറന്ന്' പറയാനായില്ലെങ്കിലും എല്ലാമൊതുക്കി, ശരികൾക്കു നേരെ മൗനം പാലിച്ച ഔട്ട്ലുക്കിന് എന്ത് അവാർഡാണ് നമുക്ക് കൊടുക്കാനാവുക. മറ്റൊന്ന് ഇപ്പോൾ അവാർഡ് ദാനം നടത്തിയ സോണിയഗാന്ധിയാണ് കഴിഞ്ഞവർഷം ഹിന്ദുസ്ഥാൻ കൊക്കകോളയ്ക്ക് 'പരിസ്ഥിതി' അവാർഡ് നല്കിയെന്നതും നമുക്ക് മറക്കാം. പക്ഷേ, സത്യം പുറത്തുവരേണ്ടതുണ്ട്. ഇല്ലെങ്കിൽ കരുത്തോടെ വെട്ടിത്തുറക്കാൻ നമ്മൾ തന്നെ ശ്രമിക്കുക.

**ഔട്ട്ലുക്കിൽ വന്ന കോളക്കമ്പനിയുടെ പ്രതികരണത്തിന് (നുണകൾമാത്രം) കേരളീയത്തിന്റെ മറുകുറിപ്പ് അടുത്ത ലക്കത്തിൽ പ്രതീക്ഷിക്കുക.**

MBA
M.Sc. Bio Informatics
MCA
SENSORIUM
4th Floor, City Centre, TRICHUR
Ph : 0487 2320478. Mobile : 94470 20478